കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയമിക്കണമെന്ന ആവശ്യം

46 (2975)ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രി. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്ന പോലീസ് സേനയുടെ തസ്തിക തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഓരോ വർഷവും വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ സംഖ്യ അനുസരിച്ച് കൂടുതൽ പോലീസ് സേനാംഗങ്ങളെ ഓരോ സ്റ്റേഷനിലും നിയ മിക്കാൻ വേണ്ട പുതിയ സംവിധാനമുണ്ടാക്കുമോ;

(സി) എങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി)&(സി) പോലീസ് സേനാംഗങ്ങളുടെ ജോലിഭാരവും ഉത്തരവാദി ത്തവും കണക്കിലെടുത്ത് കാലാകാലങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

പോലീസ് സേനാബലം വർദ്ധിപ്പിക്കുന്ന നടപടി

47 (2976)ശ്രീ. എം.കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനാ ബലം എത്രകണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഐ.ജി., ഡി.ഐ.ജി. റാങ്കിലുള്ള എത്ര തസ്തികകൾ കൂടുത ലായി അനുവദിച്ചു;

(സി) ഇതിനെല്ലാം ആനുപാതികമായി ഓഫീസ് സ്റ്റാഫിനെ നിയമി ച്ചിട്ടുണ്ടോ;

(ഡി) സേനാബലം വർദ്ധിപ്പിച്ചതുകൊണ്ടും പുതിയ ഓഫീസുകൾ അനുവദിച്ചതുകൊണ്ടും ആവശ്യമായി വന്ന ഓഫീസ് പ്രവർത്തനത്തിന് പോലീസ് കോൺസ്റ്റബിൾ തസ്തികയിലുള്ളവരെക്കൊണ്ട് ജോലി ചെയ്യിക്കു ന്നുണ്ടോ;

(ഇ) എങ്കിൽ ഓഫീസ് ജോലിക്കുവേണ്ടി സ്റ്റാഫിനെ നിയമിക്കാനും ഇപ്പോൾ ഓഫീസുകളിൽ പ്രവർത്തിക്കുന്ന പോലീസ് സേനാംഗങ്ങളെ അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ തസ്തിക അനുസരിച്ചുള്ള ഡ്യൂട്ടിക്ക് നിയോഗിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

എ.ഡി.ജി.പി.	-	1
ഐ.ജി.പി.	-	2
എസ്.പി.	-	1
ഡിവൈ.എസ്.പി.	-	11
ഇൻസ്പെക്ടർ	-	10
സർക്കിൾ ഇൻസ്പെക്ടർ	-	25
ഡബ്ല്യു.സി.ഐ.	-	3
എസ്.ഐ.	-	257
ഡബ്ല്യു.എസ്.ഐ.	-	16
എ.എസ്.ഐ.	-	5
എച്ച്.സി.	-	2160
ഡബ്ല്യു.എച്ച്.സി.	-	19
പി.സി.	-	1041
ഡബ്ല്യു.പി.സി.	-	725
ഡ്രൈവർ	-	121

എന്നിങ്ങനെ 4397 തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഐ.ജി. റാങ്കിൽ 2 തസ്തികകൾ സൃഷ്ടിച്ചു. ഡി.ഐ.ജി. റാങ്കിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(സി) ആനുപാതികമായി ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി)&(ഇ) പോലീസ് വകുപ്പിൽ ക്ലറിക്കൽ തസ്തികയിൽ ക്ലാർക്കുമാർക്ക് പകരമായി പോലീസുകാരെ നിയമിക്കാറില്ല. ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസുകാരുടെ സേവന വ്യവസ്ഥകൾ

48 (2977)ശ്രീ. കെ. ബാബു :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി., എസ്.എ.പി., എം.എസ്.പി., ആംഡ് റിസർവ്, ലോക്കൽ പോലീസ് എന്നിവ പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റ് പോലെ

LIBRARY ARCHIVES Kerala Legislative Assembly